# GOVERNMENT OF KERALA

## Abstract

Disaster Management Department - Pay and Allowance of Dr.Sekhar L. Kuriakose, Head of the State Emergency Operations Centre & Member Secretary, KSDMA – Fixed – Orders- Issued.

## DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No.378/2025/DMD Dated,Thiruvananthapuram, 06-06-2025

Read 1 GO(MS) No.207/2012/DMD dated 19.05.2012
2 GO(MS) No.204/2013/DMD dated 18.05.2013
3 GO(MS) No.510/2016/DMD dated 09.09.2016
4 GO(P)No.18/2019/H.Edn dated 29.06.2019
5 GO(Rt)No.88/2021/DMD dated 05.02.2021
6 Letter No.DM/156/2020/SDMA/PART dated 06.06.2024

## ORDER

As per Government Order read as 1st paper Dr.Sekhar L Kuriakose Head HVRA cell was appointed temporarily against the post of Associate Professor w.e.f 01.04.2012 in the pay band of Rs.15600-39100+ GP of 8000/-.

As per Government Order read as 2nd paper, Dr.Sekhar L.Kuriakose was permanently absorbed against the post of Associate Professor w.e.f 18.05.2013.

As per Government Order read as 3rd paper above, Government revised his pay in the pay band of Rs.37400-67000 + AGP 9000.

As per Government Order read as 5th paper above Government revised the Pay scale of Dr.Sekhar L.Kuriakose as Rs.37400 -67000 +AGP 10000 w.e.f 19.05.2015 as a special case subject to the following conditions.

a. He is not eligible for the designation of Professor.
b. The revision of scale of pay gives him no claim for further promotion in the line of UGC scale.

c. Orders regarding arrears of pay, allowances attached to the scale of pay will be issued separately.

As per letter cited 6th paper above the Commissioner Disaster Management has submitted a proposal for the revision of Pay and Allowances of Dr.Sekhar L.Kuriakose and has requested the following.

- The arrears of pay and allowances for the post of Head, SEOC may be revised as Academic Level 14 of GO(P)No.18/2019/H.Edn dated 29.06.2019.
- The Proceedings No.SEOC/Estt/98/2012 dated 23.02.2021, 31.01.2022 & 16.03.2023 of Commissioner, Disaster Management, may be ratified and increments accorded every year w.e.f 1st January as laid in GO(P)No.18/2019/H.Edn dated 29.06.2019.

Government examined the above proposal and also considered the following points.

- Whether the conditions incorporated in GO(Rt)No. 88/2021/DMD Dated 05.02.2021 in modification of the orders of Hon'ble Chief Minister may be revoked.
- Whether the UGC Scheme pay revision sanctioned vide GO (P) No. 18/2019/HEDN dated 29.06.2019 may be made applicable to Dr.Sekhar L.Kuriakose.
- Since GO (Rt) No. 88/2021/DMD Dated 05.02.2021 is a promotion order sanctioning higher grade AGP to Dr.Sekhar L.Kuriakose w.e.f 19.05.2019, whether the term "revision of pay" wherever mentioned in the above order may be deleted.
- Whether the arrears of pay and allowances on promotion to the higher grade pay sanctioned vide GO (Rt) No. 88/2021/DMD Dated 05.02.2021 may be granted for the period from 19.05.2019 as per Rule 23(d) of Kerala Service Rules.

Government have examined the matter in detail and decided that the existing pay scale of Dr.Sekhar L.Kuriakose can be protected, without granting the designation of Professor and the UGC scale. It is also ordered that further promotions to Dr.Sekhar L. Kuriakose can be

granted in consultation with Finance Department and Science and Technology Department.

The existing pay scale of Dr.Sekhar L.Kuriakose Head of the State Emergency Operations Centre & Member Secretary, KSDMA is Rs.37400-67000 + AGP 10000.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

To:

The Commissioner Disaster Management

The Commissioner Land Revenue

The Accountant General (Audit) Thiruvananthapuram

District Treasury, Thiruvananthapuram

Dr.Sekhar L.Kuriakose Member Secretary Kerala State Disaster Management Authority

General Administration (SC) Department (vide item No.2994 dated 05.06.2025)

Finance Department

Science and Technology Department

Information and Public Administration Department (Web and New Media)

Forwarded /By order

Signed by Sivaprasad V N
Date: 06-06-2025 18:31:54
Section Officer

Copy to:
PS to Minister Revenue and Disaster Management
CA to Principal Secretary Revenue and Disaster Management

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ഡിഎം.എ1/120/2024/ഡി.എം.ഡി. ഇനം നം: 2994

വിഷയം : ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ ഹെഡും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയുമായ ഡോ. ശേഖർ എൽ. കുര്യാക്കോസിന്റെ ശമ്പളവും അലവൻസുകളും റിവൈസ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. ഡോ. ശേഖർ എൽ കുര്യാക്കോസിന് യു.ജി.സി. ചട്ടപ്രകാരമുള്ള ശമ്പള സ്കെയിലോ, പ്രൊഫസർ തസ്തികയോ അനുവദിച്ച് നൽകാതെ, നിലവിലുള്ള ശമ്പളസ്കെയിൽ സംരക്ഷിച്ചു കൊണ്ട് തുടർന്നുള്ള സ്ഥാനക്കയറ്റം, ധനകാര്യ വകുപ്പുമായും ശാസ്ത്ര-സാങ്കേതിക വകുപ്പുമായും കൂടിയാലോചിച്ച് അനുവദിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്.

5/6

2994

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 1/120/2024/ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ ഹെഡും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെംബർ സെക്രട്ടറിയുമായ ഡോ. ശേഖർ എൽ കുര്യാക്കോസിന്റെ ശമ്പളവും അലവൻസുകളും റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18/04/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ഡോ.എ.കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനായുള്ള കുറിപ്പ്

സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ തലവനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയുമായ ഡോ. ശേഖർ എൽ കുര്യാക്കോസിന്റെ ശമ്പളവും അലവൻസുകളും പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) യു.ജി.സി സ്കെയിലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM)-ൽ അസോസിയേറ്റ് പ്രൊഫസർ എന്ന നിലയിൽ ഒരു തസ്തിക 19/05/2012 ലെ സ.ഉ(കൈ)നം 207/2012/ഡിഎംഡി ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയും ഡോ. ശേഖർ എൽ. കുര്യാക്കോസിനെ താൽക്കാലികമായി നിയമിക്കുകയും ചെയ്തിരുന്നു. പിന്നീട് 18/05/2013 ലെ സ.ഉ(കൈ)നം.204/2013/ഡിഎംഡി ഉത്തരവ് പ്രകാരം ഈ തസ്തിക സ്ഥിരമാക്കി. പിന്നീട് ഈ തസ്തികയെ, 27/03/2010 ലെ സ.ഉ(പി)നം.58/2010/HEdn ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളുടെ സേവന വ്യവസ്ഥകൾ, ശമ്പളം, പ്രമോഷൻ മാനദണ്ഡങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയെ ബാധിക്കാത്ത തരത്തിൽ, 19/03/2016 ലെ സ.ഉ(സാധാ)നം. 2167/2016/ഡിഎംഡി ഉത്തരവ് പ്രകാരം Head, State Emergency Operations Centre (SEOC) എന്ന നിലയിൽ പുനർനാമകരണം ചെയ്തു. 09.09.2016 തീയതിയിലെ സ.ഉ(കൈ)നം.510/2016/ഡിഎംഡി ഉത്തരവ് പ്രകാരം 19.05.2016 മുതൽ ഡോ. ശേഖർ എൽ. കുര്യാക്കോസിന്റെ ശമ്പളം ₹37400-67000 + AGP ₹9000 എന്ന ശമ്പള സ്കെയിലിലേക്ക് പരിഷ്കരിച്ചു.

3) റവന്യൂവും ദുരന്ത നിവാരണവും വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ SEOC/ESTT/98/2012 നമ്പരിലുള്ള 11.02.2020-ലെ നടപടിക്രമം പ്രകാരം 29.06.2019 തീയതിയിലെ സ.ഉ(പി)നം.18/2019/Hedn ഉത്തരവ് അനുസരിച്ചുള്ള UGC സ്കീമിലെ അധ്യാപകർക്കുള്ള ശമ്പളനിരക്കുകൾ അനുസരിച്ച് ഡോ. ശേഖറിന്റെ ശമ്പള പരിഷ്കരണം 01.01.2016 മുതൽ നടപ്പിലാക്കി.

4) ഡോ. ശേഖർ എൽ. കുര്യാക്കോസിന്, സംസ്ഥാന സർവീസിൽ, അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികയിലുള്ള സേവന നിബന്ധനകൾ, ശമ്പളം, പ്രൊമോഷൻ

മാനദണ്ഡങ്ങൾ, മറ്റ് പദവി, എൽജിബിലിറ്റി എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ടെന്നും ഇത് സംബന്ധിച്ച എല്ലാ പരിഷ്കരണങ്ങളും അദ്ദേഹത്തിന് ബാധകമാണെന്നും 19/03/2016 ലെ സ.ഉ(സാധാ)നം.2167/2016/ഡിഎംഡി എന്ന ഉത്തരവിൽ നിന്ന് വ്യക്തമാകുന്നു. സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റിയുടെയും അധികാരത്തിലും ദുരന്ത നിവാരണ ആക്റ്റിന്റെ പരിധിയിലുമാണ് ഇത് അനുവദനീയമാകുന്നത്.

5) 05.02.2021 തീയതിയിലെ സ.ഉ(സാധാ)നം.88/2021/ഡിഎംഡി ഉത്തരവ് പ്രകാരം പ്രത്യേക പരിഗണനയിന്മേൽ ഡോ. ശേഖർ എൽ. കുര്യാക്കോസിന്റെ ശമ്പള നിരക്ക് ₹37400-67000 + AGP ₹10000 എന്നതായി 19.05.2019 മുതൽ വർദ്ധിപ്പിച്ചു. ഇതിൽ താഴെ പറയുന്ന മൂന്ന് വ്യവസ്ഥകൾ ചേർത്തിരുന്നു:

1. അദ്ദേഹത്തിന് പ്രൊഫസർ എന്ന പദവിക്ക് അർഹതയില്ല.
2. ശമ്പള നിരക്ക് പരിഷ്ക്കരിക്കുന്നതിലൂടെ യു.ജി.സി സ്കെയിലിലുള്ള തുടർ പ്രമോഷന് അവകാശം ഉണ്ടാകില്ല.
3. പുതുക്കിയ സ്കെയിലിൽ അടങ്ങിയ അരിയറും അലവൻസും സംബന്ധിച്ച ഉത്തരവ് വേറെയായി പുറപ്പെടുവിക്കും.

6) ധനകാര്യ വകുപ്പിന് ഫയൽ സമർപ്പിച്ചപ്പോൾ അവർ ലഭ്യമാക്കിയ അഭിപ്രായം ചുവടെ കണ്ടാലും:

i. 05.02.2021 തീയതിയിലെ സ.ഉ(സാധാ)നം.88/2021/ഡിഎംഡി ഉത്തരവിൽ ഉയർന്ന pay grade-ലെ പ്രമോഷനുമായി ബന്ധപ്പെട്ട അരിയർ മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നതിനാൽ 19.05.2019 മുതൽ 05.02.2021 വരെയുള്ള കാലയളവിൽ KSR Part I, Rule 23(d) പ്രകാരമാണ് അരിയർ കണക്കാക്കേണ്ടത്.

ii. Head, SEOC എന്ന തസ്തിക 29.06.2019 തീയതിയിലെ സ.ഉ(പി)നം 18/2019/Hedn ഉത്തരവിന്റെ നേരിട്ടുള്ള പരിധിയിൽ വരുന്നതല്ലാത്തതിനാൽ, ഈ തസ്തികക്ക് വേറെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. എങ്കിൽപ്പോലും അതൊരു ഒറ്റപ്പെട്ട തസ്തികയായി കണക്കാക്കേണ്ടതാണ്. അതിനാൽ, ഭരണവകുപ്പ് ഈ തസ്തികയ്ക്കായി ശമ്പള-അലവൻസ് പരിഷ്കരണ പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ്.

iii. സ.ഉ(സാധാ)നം.88/2021/ഡിഎംഡി എന്നത് ഒരു പ്രമോഷൻ ഉത്തരവാണ് (AGP ഉയർത്തി നൽകുന്നത്), അതിനാൽ അതിൽ എവിടെയൊക്കെ "revision of pay" എന്ന് പറഞ്ഞിരിക്കുന്നോ അവയെല്ലാം ഒഴിവാക്കേണ്ടതാണ്. അതിനായി ഭരണവകുപ്പ് amendment order പുറപ്പെടുവിക്കണം.

7) ILDM-ൽ സൃഷ്ടിച്ച അസോസിയേറ്റ് പ്രൊഫസർ തസ്തികയെ, 27/03/2010 ലെ സ.ഉ(പി)നം.58/2010/HEdn ഉത്തരവ് പ്രകാരമുള്ള സംസ്ഥാന സർവീസിലെ അസോസിയേറ്റ് പ്രൊഫസർ പദവി സംബന്ധമായ സേവന നിബന്ധനകൾ, ശമ്പളം, പ്രൊമോഷൻ മാനദണ്ഡങ്ങൾ, മറ്റ് പദവി മുതലായവയിൽ മാറ്റം വരാതെ, 19-03-2016-ലെ സ.ഉ(സാധാ)നം.2167/2016/ഡിഎംഡി ഉത്തരവ് പ്രകാരം ഹെഡ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ' എന്ന നിലയിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 16, സെക്ഷൻ 69, 2007-ലെ കേരള സംസ്ഥാന ദുരന്ത മാനേജ്മെന്റ് റൂൾസ് സെക്ഷൻ 9 എന്നിവ പ്രകാരം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായുള്ള അധികാരങ്ങൾ പ്രകാരമാണ് ഇത് പുറപ്പെടുവിച്ചത്. കൂടാതെ, 09.09.2016 തീയതിയിലെ സ.ഉ(കൈ)നം.510/2016/ഡിഎംഡി ഉത്തരവ് പ്രകാരം ധനകാര്യവകുപ്പിന്റെ അനുമതിയോടെ ഡോ.ശേഖർ എൽ. കുര്യാക്കോസിന്റെ ശമ്പളസ്കെയിൽ 19.05.2016 തീയതി മുതൽ pay band 37400-67000 + AGP 9000 എന്നതിലേക്ക് പരിഷ്കരിക്കപ്പെട്ടു,

8) UGC മാർഗ്ഗനിർദ്ദേശങ്ങൾ 2018, Section 6.4(B)(III) പ്രകാരമുള്ള Career Advancement Scheme (CAS) പ്രകാരമുള്ള അസോസിയേറ്റ് പ്രൊഫസറായി സ്ഥാനമേറ്റുന്നതിനുള്ള യോഗ്യതകൾ ചുവടെ കാണുന്നതാണ്:

*(III)അസിസ്റ്റന്റ് പ്രൊഫസർ(സെലക്ഷൻ ഗ്രേഡ്/അക്കാഡമിക്ക് ലെവൽ 12) തസ്തികയിൽ നിന്ന് അസോസിയേറ്റ് പ്രൊഫസർ (അക്കാഡമിക്ക് ലെവൽ 13എ) തസ്തികയിലേയ്ക്ക്*

1. *അക്കാദമിക് ലെവൽ 12/ സെലക്ഷൻ ഗ്രേഡിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രൊഫസർ.*

2. ബന്ധപ്പെട്ട വിഷയത്തിൽ/അനുബന്ധ വിഷയത്തിൽ/പ്രസക്തമായ വിഷയത്തിൽ പിഎച്ച്.ഡി ബിരുദം.
3. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ഒന്ന്: റിഫ്രഷർ കോഴ്സുകൾ/ ഗവേഷണ രീതിശാസ്ത്ര വർക്ക്ഷോപ്പുകൾ/ സിലബസ് അപ്ഗ്രേഡേഷൻ വർക്ക്ഷോപ്പ്/ ടീച്ചിംഗ്-ലേണിംഗ്-ഇവാലുവേഷൻ ടെക്നോളജി പ്രോഗ്രാം/ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ വിഭാഗങ്ങളിൽ നിന്ന് കുറഞ്ഞത് രണ്ടാഴ്ച (പത്ത് ദിവസം) ദൈർഘ്യമുള്ള ഒരു കോഴ്സ്/പ്രോഗ്രാം പൂർത്തിയാക്കിയിരിക്കണം (അല്ലെങ്കിൽ കുറഞ്ഞത് രണ്ടാഴ്ച (പത്ത് ദിവസം) ദൈർഘ്യമുള്ള ഓരോ കോഴ്സിനും/പ്രോഗ്രാമിനും പകരം കുറഞ്ഞത് ഒരു ആഴ്ച (അഞ്ച് ദിവസം) ദൈർഘ്യമുള്ള രണ്ട് കോഴ്സുകൾ പൂർത്തിയാക്കിയിരിക്കണം); അല്ലെങ്കിൽ ഒരു MOOC കോഴ്സ് (ഇ-സർട്ടിഫിക്കേഷനോടെ) പൂർത്തിയാക്കിയിരിക്കണം; അല്ലെങ്കിൽ 4-ക്വാഡ്രന്റിൽ (കുറഞ്ഞത് ഒരു ക്വാഡ്രന്റിൽ) ഇ-ഉള്ളടക്കത്തിന്റെ വികസനത്തിലേക്കുള്ള സംഭാവന, ഒരു കോഴ്സിന്റെ കുറഞ്ഞത് 10 മൊഡ്യൂളുകളെങ്കിലും/ MOOC കോഴ്സിന്റെ കുറഞ്ഞത് 10 മൊഡ്യൂളുകളുടെ വികസനത്തിലേക്കുള്ള സംഭാവന, വിലയിരുത്തൽ കാലയളവിൽ ഒരു MOOC കോഴ്സിന്റെ നടത്തിപ്പിനുള്ള സംഭാവന.

താഴെ പറയുന്ന സാഹചര്യങ്ങളിൽ അധ്യാപകന് സ്ഥാനക്കയറ്റം നൽകും:

i. അനുബന്ധം II പട്ടിക I ൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ, മൂല്യനിർണ്ണയ കാലയളവിലെ അവസാന മൂന്ന് വർഷങ്ങളിൽ കുറഞ്ഞത് രണ്ട് വർഷത്തെ വാർഷിക പ്രകടന വിലയിരുത്തൽ റിപ്പോർട്ടുകളിൽ അയാൾക്ക്/അവർക്ക് 'Good/Satisfactory' ഗ്രേഡ് ലഭിക്കുന്നു
ii. ഈ ചട്ടങ്ങൾക്കനുസൃതമായി അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു.

9) ഡോ.ശേഖർ എൽ കുര്യാക്കോസ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഭാഗമായതുമുതൽ, ദുരന്തനിവാരണവും climate adaptation-മായും ബന്ധപ്പെട്ട സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ സാങ്കേതികമായ അറിവും രാജ്യാന്തര ശാസ്ത്രജ്ഞരുമായുള്ള ബന്ധങ്ങളും

സംസ്ഥാനത്തിന്റെ പ്രതിരോധ തന്ത്രങ്ങളും പദ്ധതികളും രൂപീകരിക്കാനും നടപ്പിലാക്കാനും വലിയ രീതിയിൽ സഹായിച്ചിട്ടുണ്ട്.

10) 29.06.2019 തീയതിയിലെ സ.ഉ(പി)നം.18/2019/HEdn ഉത്തരവ് പ്രകാരം അനുവദിച്ച യുജിസി സ്കീമിലെ ശമ്പള പരിഷ്കരണം, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ഡോ.ശേഖർ എൽ കുര്യാക്കോസിന് അനുവദിക്കാമോ എന്നുള്ളതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

1. 05.02.2021 തീയതിയിലെ സ.ഉ(സാധാ)നം.88/2021/ഡിഎംഡി ഉത്തരവിൽ ഉൾപ്പെടുത്തിയ വ്യവസ്ഥകളിൽ (എ)യും (ബി)യും പിൻവലിക്കാവുന്നതാണോ? (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)
2. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് 29.06.2019 തീയതിയിലെ സ.ഉ(പി)നം.18/2019/HEdn ഉത്തരവ് പ്രകാരം അനുവദിച്ച യു.ജി.സി സ്കീം ശമ്പളപരിഷ്കരണം ഡോ. ശേഖർ എൽ. കുര്യാക്കോസിന് അനുവദിക്കാമോ?
3. 05.02.2021 തീയതിയിലെ സ.ഉ(സാധാ)നം.88/2021/ഡിഎംഡി ഉത്തരവ് ഒരു പ്രമോഷൻ ഓർഡർ ആകയാൽ "revision of pay" എന്ന വാക്കുകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം പ്രസ്തുത ഓർഡറിൽ നിന്ന് നീക്കം ചെയ്യാവുന്നതാണോ?
4. 05.02.2021 തീയതിയിലെ സ.ഉ(സാധാ)നം.88/2021/ഡിഎംഡി ഉത്തരവ് പ്രകാരം നൽകിയ ഉയർന്ന ഗ്രേഡ് പേസ്കെയിലിലേയ്ക്കുള്ള പ്രമോഷൻ പ്രകാരം 19.05.2019 മുതൽ അരിയറും അലവൻസും KSR Rule 23(d) അനുസരിച്ച് അനുവദിക്കാവുന്നതാണോ?

GOVERNMENT OF KERALA

Abstract

Disaster Management Department – Revision of sale of pay of Dr. Sekhar.L. Kuriakose – Orders issued

## DISASTER MANAGEMENT (A) DEPARTMENT

**G.O.(Rt)No.88/2021/DMD** Dated,Thiruvananthapuram, 05/02/2021

Read 1 GO (MS) No.207/2012/DMD dated 19.5.2012
2 GO (MS) No.204/2013/DMD dated 18.5.2013
3 GO (MS) 510/2016/DMD dated 9.9.2016
4 Lr. Dated 4.1.2020 from Principal Secretary, Disaster Management & SRC addressed to Principal Secretary, Disaster Management

## ORDER

As per Government Order read as 1st paper Dr. Sekhar.L. Kuriakose, Head HVRA Cell was appointed temporarily against the post of Associate Professor w.e.f. 1.4.2012 in the pay band of Rs 15600-39100 + GP of 8000/-

As per Government Order read as 2nd paper, Dr. Sekhar.L. Kuriakose was permanently absorbed against the post of Associate Professor w.e.f. 18.5.2013.

As per Government Order read as 3th paper above, Government revised his pay in the pay band of Rs.37400-67000 + AGP 9000.

As per the letter cited 4th cited , Principal Secretary Disaster Management and SRC requested Principal Secretary, Disaster Management to designate Dr. Sekhar.L. Kuriacose as Professor and to accord the scale of pay of Professor w.e.f. 19.5.2019. The matter was consulted with Higher Education Department and that Department has opined that since SEOC is not a Teaching or Research Institution, designating him as Professor cannot be done.

When consulted with Finance Department, that department opined that Dr. Sekhar.L. Kuriakose may be accorded the scale of Rs.37400-67000+AGP 10000 as a special case without designating him as a Professor.

Government have examined matter in detail. As the officer has been working as Head of SEOC, he has no further avenues for promotion as he is likely to stagnate in the present position. Therefore, Dr. Sekhar may be accorded next higher scale eligible with respect to his present scale – i.e. Rs.37400-67000 + AGP 10000 w.e.f. 19/5/2019 as a special case without designating him as Professor.

In the above circumstances, Government is pleased to revise the pay scale of Dr. Sekhar.L. Kuriakose as Rs.37000-67000 + AGP 10000 w.e.f. 19/5/2019 as a special case subject to the following conditions.

a) He is not eligible for the designation of Professor

b) The revision of scale of pay gives him no claim for further promotion in the line of UGC scale.

c) Orders regarding the arrears of pay, allowances attached to scale of pay will be issued separately.

(By order of the Governor)

**DR. A JAYATHILAK IAS**
**PRINCIPAL SECRETARY**

To:

The Commissioner Disaster Management

The Commissioner Land Revenue

The Accountant General (Audit) Thiruvananthapuram

District Treasury Thiruvananthapuram

Dr. Sekhar.L. Kuriakose Member Secretary Kerala State Disaster Management Authority

Information and Public Administration Department (Web and New Media)

Copy To:

PS to Minister Revenue and Disaster Management

CA to Principal Secretary Revenue and Disaster Management

Forwarded /By order

Section Officer